
## കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം
# മാർച്ച്
# 2018




**പ്രൈസസ് വിഭാഗം**
**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്**
**തിരുവനന്തപുരം**
**2018**

കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ് )
വി. രാമചന്ദ്രൻ
ഡയറക്ടർ ജനറൽ

തിരുവനന്തപുരം
09/04/2018

## ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി എത്തിക്കുന്ന വസ്തുക്കളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, കലാപങ്ങൾ, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണം.

അവലോകനമാസമായ മാർച്ചിൽ പൊതുവെ സമ്മിശ്രമായ ഒരു പ്രവണതയാണു പൊതുവിപണിയിൽ ദൃശ്യമായത്.

ജയ ഇനത്തിൽപെട്ട അരിയുടെ വില മാസാദ്യം നേരിയൊരു വിലക്കയററം ദൃശ്യമായെങ്കിലും പിന്നീട് വില സ്ഥിരത കൈവരിച്ചു. മാസാവസാനം എല്ലാ ഇനം അരിയുടെയും വില കുറയുന്ന ഒരു പ്രവണതയാണു വിപണിയിൽ കണ്ടത്. വിപണിയിൽ ആവശ്യത്തിനു അരിയുടെ ലഭ്യതയുള്ളതിനാലും കർഷകരിൽ നിന്നും ആവശ്യത്തിനു നെല്ല് സംഭരണം നടന്നതിനാലും അരിയുടെ വിലയിൽ ഏപ്രിൽ മാസം വിലക്കയററം ഉണ്ടാവാനിടയില്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

ഇറച്ചിക്കോഴിയുടെയും കോഴിമുട്ടയുടെയും വിലയിൽ കാര്യമായ കുറവ് രേഖപ്പെടുത്തി.എന്നാൽ മാസാവസാനം ഇറച്ചിക്കോഴിയുടെ വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപെട്ടു. ഏപ്രിൽ ആദ്യവാരങ്ങളിലും ഇറച്ചിക്കോഴിയുടെ വിലയിൽ വർദ്ധനവ് തുടരുമെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

തമിഴ്നാട്ടിൽ നിന്നും തേങ്ങയുടെയും കൊപ്രയുടെയും വരവ് വർദ്ധിച്ചതോടെ വിപണിയിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കാര്യമായ കുറവ് രേഖപ്പെടുത്തി എന്നാൽ മാസാന്ത്യത്തിൽ ലഭ്യതയിൽ ഉണ്ടായ കുറവ് കാരണം ചെറിയ തോതിലുള്ള ഒരു വിലക്കയററ പ്രവണത തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ ദൃശ്യമായിരുന്നു.

കുരുമുളകിന്റെ വിലയിൽ മാസാരംഭത്തിൽ നേരിയൊരു വിലക്കയററം ഉണ്ടായെങ്കിലും പിന്നീട് വിലത്തകർച്ച നേരിട്ടു. ഇറക്കുമതി കുരുമുളക് ഇപ്പോഴും വിപണിയിൽ സജീവമായതും ആഭ്യന്തര ഉൽപാദന സീസണും കാരണം ഏപ്രിൽ മാസത്തിലും കുരുമുളകിന്റെ വിലയിൽ കാര്യമായ ഒരു വിലക്കയററം ഉണ്ടാവാൻ ഇടയില്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന


ഉള്ളി,സവാള എന്നിവയുടെ വിലയിൽ തുടർച്ചയായ കുറവ് രേഖപ്പെടുത്തി.

പച്ചക്കറി ഇനങ്ങളിൽ വർദ്ധനവിന്റേതായ ഒരു പ്രവണത ദൃശ്യമായിരുന്നു.വിഷു ആഘോഷത്തോടനുബന്ധിച്ച് ഏപ്രിൽ ആദ്യ വാരങ്ങളിലും പച്ചക്കറി വിലയിൽ വർദ്ധനവ് ഉണ്ടാവാനുള്ള സാധ്യത നിലനിൽക്കുന്നു.

## I.ധാന്യങ്ങൾ

അവലോകനമാസമായ മാർച്ചിൽ ജയ അരിയുടെ വിലയിൽ ചെറിയൊരു വർദ്ധനവ് കാണപ്പെട്ടു. എന്നാൽ മാസാവസാനത്തോടെ എല്ലാ ഇനം അരിയുടെയും വിലയിൽ കുറവ് ദൃശ്യമായിരുന്നു. വിപണിയിൽ ആവശ്യത്തിനുള്ള അരിയുടെ സ്റ്റോക്ക് ഉണ്ടെന്നും ആയതിനാൽ വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നുമാണു വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ഏപ്രിൽ മാസത്തിൽ അരിയുടെ വില വർദ്ധനവില്ലാതെ സ്ഥിരത നിലനിർത്താൻ ഇടയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.


| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.71 | 41.84 | 41.62 | -0.53 | -0.22 |
| 2 | ചമ്പ | കിലോഗ്രാം | 42.50 | 43.00 | 43.60 | 1.40 | 2.59 |
| 3 | റോസ് | കിലോഗ്രാം | 42.12 | 42.08 | 41.70 | -0.90 | -1.00 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 39.09 | 37.69 | 37.76 | 0.19 | -3.40 |
| 5 | ജയ | കിലോഗ്രാം | 46.57 | 39.64 | 40.96 | 3.34 | -12.04 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.92 | 31.62 | 32.28 | 2.09 | -4.85 |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ കാര്യമായ ഒരു വർദ്ധനവ് അവലോകനമാസമായ മാർച്ചിൽ കണ്ടില്ല. കടലയുടെ ഉൽപാദനവും ലഭ്യതയും വർദ്ധിച്ചതോടെ വിലയിലുണ്ടായിരുന്ന കുറവ് അവലോകനമാസമായ മാർച്ചിലും തുടർന്നു.ഏപ്രിൽ മാസത്തിലും ഈ കുറവ് തുടരാനാണു സാധ്യതയെന്ന് വിപണിയിൽ നിന്നുള്ള സൂചന.ചെറുപയറിന്റെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ കണ്ടു വരുന്ന വർദ്ധനവ് നേരിയ തോതിൽ തുടർന്നെങ്കിലും മാസാവസാനം വിലസ്ഥിരതയുടേതായ ഒരു പ്രവണത ശ്രദ്ധയിൽപെട്ടു.ഏപ്രിൽ മാസത്തിലും പയർ വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല എന്നാണു വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | **82.28** | **85.86** | **86.34** | **0.56** | **4.93** |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | **91.92** | **88.55** | **88.32** | **-0.26** | **-3.92** |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | **111.77** | **89.45** | **86.80** | **-2.96** | **-22.34** |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | **106.14** | **83.30** | **81.29** | **-2.41** | **-23.41** |
| 5 | വൻപയർ | കിലോഗ്രാം | **76.56** | **71.00** | **71.21** | **0.30** | **-6.99** |
| 6 | തുവരപരിപ്പ് | കിലോഗ്രാം | **95.30** | **84.63** | **84.00** | **-0.74** | **-11.86** |
| 7 | കടല(വലുത്) | കിലോഗ്രാം | **100.37** | **83.48** | **79.13** | **-5.21** | **-21.16** |
| 8 | കടല(ചെറുത്) | കിലോഗ്രാം | **86.24** | **68.78** | **65.72** | **-4.45** | **-23.79** |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | **41.77** | **41.94** | **42.33** | **0.93** | **1.34** |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | **79.92** | **72.04** | **72.83** | **1.09** | **-8.88** |




## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ മാർച്ചിൽ ഇറച്ചിക്കോഴിയുടെയും കോഴിമുട്ടയുടെയും വിലയിൽ കാര്യമായ കുറവ് രേഖപ്പെടുത്തി. എന്നാൽ മാസാവസാനം ഇറച്ചിക്കോഴിയുടെ വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപെട്ടു. ഏപ്രിൽ ആദ്യവാരത്തിലും ഈ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നും വിഷുവിനു ശേഷം വില കുറയാൻ സാധ്യതയുണ്ടെന്നുമാണു വിപണിയിൽ നിന്നുള്ള സൂചന.

പഞ്ചസാരയുടെ വിലയിൽ വിലക്കുറവ് കണ്ടെങ്കിലും മാസാവസാനം വില സ്ഥിരത നിലനിർത്തുന്നതിനുള്ള പ്രവണത ദൃശ്യമായിരുന്നു. മററ് ഇനങ്ങൾ കാര്യമായ വ്യതിയാനമില്ലാതെ നിലകൊണ്ടു.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 44.04 | 38.04 | 38.01 | -0.08 | -13.69 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 157.91 | 144.42 | 144.92 | 0.35 | -8.23 |
| 3 | ശർക്കര | കിലോഗ്രാം | 55.06 | 54.23 | 53.62 | -1.12 | -2.62 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 49.83 | 53.15 | 51.27 | -3.54 | 2.89 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 496.00 | 525.00 | 525.71 | 0.14 | 5.99 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 92.22 | 92.08 | 84.57 | -8.16 | -8.30 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.61 | 147.80 | 148.25 | 0.30 | 0.43 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 159.14 | 161.13 | 162.00 | 0.54 | 1.80 |




## IV. എണ്ണയും ഏണ്ണക്കുരുക്കളും

വെളിച്ചെണ്ണയുടെയും തേങ്ങയുടെയും വിലയിൽ അവലോകനമാസമായ മാർച്ചിൽ കാര്യമായ കുറവു രേഖപ്പെടുത്തി. വിപണിയിൽ തമിഴ്നാട്ടിൽ നിന്നും തേങ്ങയുടെയും കൊപ്രയുടെയും ലഭ്യത വർദ്ദിച്ചതും വിദേശ കൊപ്രയുടെ ലഭ്യതയും വിലക്കുറവിനു കാരണമായതായി വിപണിയിൽ നിന്നും അറിയിച്ചു. വേനൽചൂട് വർദ്ധിച്ചതോടെ ഇളനീരിന്റെ ഉപയോഗം വർദ്ധിക്കുകയും വില വർദ്ധിക്കുകയും ചെയ്തിട്ടുണ്ട് ഇത് വരും മാസങ്ങളിൽ തേങ്ങയുടെ വിലയെ സ്വാധീനിച്ചേക്കാം. ഈ കാലയളവിൽ തേങ്ങയുടെ വിലയിൽ കാര്യമായ കുറവ് ഉണ്ടായെങ്കിലും ബ്രാന്റഡ് വെളിച്ചെണ്ണയുടെ വിലയിൽ ഗണ്യമായ കുറവ് ദൃശ്യമായില്ല.

മാസാവസാനം വിപണിയിൽ തേങ്ങയുടെയും കൊപ്രയുടെയും ലഭ്യത കുറഞ്ഞതിനാൽ നേരിയൊരു വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടു.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **140.90** | **220.57** | **207.87** | **-5.76** | **47.53** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **148.50** | **144.00** | **144.00** | **0.00** | **-3.03** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **90.29** | **90.23** | **91.18** | **1.05** | **0.99** |
| 4 | നല്ലെണ്ണ | ലിററർ | **145.56** | **153.32** | **156.75** | **2.24** | **7.69** |
| 5 | കടുക് എണ്ണ | ലിററർ | **136.75** | **140.40** | **140.00** | **-0.28** | **2.38** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **94.74** | **92.66** | **93.29** | **0.68** | **-1.53** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **90.80** | **90.04** | **91.23** | **1.32** | **0.47** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **166.91** | **239.43** | **222.10** | **-7.24** | **33.07** |



## V.സുഗന്ധ വ്യഞ്ജനങ്ങൾ


അവലോകനമാസമായ മാർച്ചിൽ മുൻ മാസത്തെ പോലെ തന്നെ ഉള്ളിയുടെ വിലയിൽ കാര്യമായ കുറവ് രേഖപ്പെടുത്തി. ഏപ്രിൽ മാസത്തിൽ ഉള്ളിയുടെ വിലയിൽ സ്ഥിരത നിലനിർത്താൻ ഇടയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

ഉൽപാദനത്തിലുണ്ടായ കുറവ് കാരണം മുളകിന്റെ വിലയിലുണ്ടായ വർദ്ധനവ് അവലോകന മാസത്തിലും തുടർന്നു.

കുരുമുളക് വിലയിൽ അവലോകനമാസം ഉയർച്ച താഴ്ചകൾ രേഖപ്പെടുത്തി ഇറക്കുമതി കുരുമുളക് ഇപ്പോഴും വിപണിയിൽ സജീവമായതും ആഭ്യന്തര ഉൽപാദന സീസണും കാരണം ഏപ്രിൽ മാസത്തിലും കാര്യമായ വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

വെളുത്തുള്ളിയുടെ വിലയിൽ അവലോകനമാസത്തിൽ കുറവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 102.40 | 90.68 | 89.77 | -1.00 | -12.33 |
| 2 | മുളക് | കിലോഗ്രാം | 102.09 | 107.30 | 110.96 | 3.41 | 8.69 |
| 3 | ഉള്ളി | കിലോഗ്രാം | 56.71 | 44.04 | 33.75 | -23.37 | -40.49 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 113.50 | 164.38 | 163.36 | -0.62 | 43.93 |
| 5 | ജീരകം | 100 ഗ്രാം | 28.56 | 29.79 | 29.96 | 0.57 | 4.90 |
| 6 | കടുക് | 100 ഗ്രാം | 9.01 | 9.00 | 8.97 | -0.33 | -0.44 |
| 7 | ഉലുവ | 100 ഗ്രാം | 10.22 | 9.29 | 9.20 | -0.97 | -9.98 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.78 | 18.25 | 18.20 | -0.27 | -3.09 |
| 9 | വെളുത്തുള്ളീ | 100 ഗ്രാം | 11.81 | 8.28 | 7.74 | -6.52 | -34.46 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 659.69 | 520.10 | 492.69 | -5.27 | -25.31 |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങു വർഗ്ഗങ്ങളിൽ അവലോകനമാസത്തിൽ ചേമ്പിന്റെ വിലയിൽ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തി. കാരററ് വിലയിൽ നേരിയൊരു കുറവ് ശ്രദ്ധയിൽപ്പെട്ടു. മററ് ഇനങ്ങളിൽ കാര്യമായ വില വ്യതിയാനം ശ്രദ്ധയിൽപ്പെട്ടില്ല

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉരുളക്കിഴങ്ങ് ഒഴികെയുള്ള എല്ലാ ഇനങ്ങളുടെയും വില കുറവായിട്ടാണു കാണപ്പെടുന്നത്

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 41.99 | 38.07 | 38.89 | 2.15 | -7.38 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 29.49 | 21.86 | 21.59 | -1.24 | -26.79 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 23.52 | 24.91 | 25.28 | 1.49 | 7.48 |
| 4 | ചേമ്പ് | കിലോഗ്രാം | 64.46 | 44.71 | 49.16 | 9.95 | -23.74 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 37.99 | 26.41 | 26.47 | 0.23 | -30.32 |
| 6 | കാരററ് | കിലോഗ്രാം | 39.68 | 37.68 | 36.00 | -4.46 | -9.27 |




## VII. പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ മാർച്ചിൽ സവാള ഒഴികെയുള്ള മിക്ക ഇനങ്ങളിലും വിലക്കയററത്തിന്റേതായ ഒരു പ്രവണത ശ്രദ്ധയിൽപ്പെട്ടു. കഴിഞ്ഞ ഏതാനും മാസങ്ങളായി കുറഞ്ഞുകൊണ്ടിരുന്ന തക്കാളിയുടെ വില വർദ്ധിക്കാനുള്ള പ്രവണത അവലോകനമാസത്തിൽ ദൃശ്യമായിരുന്നു. ബീൻസ്, വള്ളിപ്പയർ, വെള്ളരിക്ക, പടവലം, ഏത്തയ്ക്ക(പച്ച) എന്നിവയുടെ വിലയിലും കാര്യമായ വർദ്ധനവ് കാണപ്പെട്ടു.

വിഷു ആഘോഷത്തോട് അനുബന്ധിച്ചു ഏപ്രിൽ ആദ്യവാരങ്ങളിൽ പച്ചക്കറിയുടെ വിലയിൽ വർദ്ധനവ് ഉണ്ടാകാൻ ഇടയുണ്ടെന്നു വിപണിവൃത്തങ്ങൾ അറിയിച്ചു.

സവാളയുടെ വിലയിൽ അവലോകനമാസത്തിൽ കാര്യമായ കുറവ് രേഖപ്പെടുത്തി. ഏപ്രിൽ മാസത്തിലും ഈ കുറവ് തുടരാൻ ഇടയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **16.05** | **31.68** | **20.95** | **-33.87** | **30.53** |
| 2 | വഴുതന | കിലോഗ്രാം | **42.04** | **26.93** | **26.70** | **-0.85** | **-36.49** |
| 3 | മത്തങ്ങ | കിലോഗ്രാം | **27.29** | **17.75** | **17.35** | **-2.25** | **-36.42** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **24.94** | **18.63** | **20.98** | **12.61** | **-15.88** |
| 5 | വെണ്ടക്ക | കിലോഗ്രാം | **53.86** | **34.39** | **39.48** | **14.80** | **-26.70** |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | **76.76** | **34.77** | **43.88** | **26.20** | **-42.83** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **66.17** | **41.61** | **49.20** | **18.24** | **-25.65** |
| 8 | കാബേജ് | കിലോഗ്രാം | **25.39** | **24.02** | **23.08** | **-3.91** | **-9.10** |
| 9 | പാവയ്ക്ക | കിലോഗ്രാം | **51.64** | **43.71** | **44.73** | **2.33** | **-13.38** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **34.15** | **19.02** | **18.76** | **-1.37** | **-45.07** |
| 11 | പടവലങ്ങ | കിലോഗ്രാം | **44.89** | **27.89** | **30.73** | **10.18** | **-31.54** |
| 12 | തക്കാളി | കിലോഗ്രാം | **31.96** | **15.61** | **17.93** | **14.86** | **-43.90** |
| 13 | പച്ചമുളക് | 100 ഗ്രാം | **4.76** | **4.07** | **3.99** | **-1.97** | **-16.18** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **47.44** | **37.50** | **40.25** | **7.33** | **-15.16** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **36.22** | **38.70** | **38.41** | **-0.75** | **6.05** |




## VIII. ഭക്ഷ്യേതര വസ്തുക്കൾ

ഈ ഇനത്തിലെ പ്രധാനപ്പെട്ട ഇനങ്ങളായ സിമന്റ്, സ്റ്റീൽ എന്നിവയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ ഉണ്ടായ പ്രവണതയുടെ തുടർച്ചയായിരുന്നു അവലോകനമാസമായ മാർച്ചിലും പൊതുവിപണിയിൽ ദൃശ്യമായത്.

നോട്ട് നിരോധനവും ജി എസ് ടി യും സൃഷ്ടിച്ച മാന്ദ്യത്തിൽ നിന്നും കാര്യമായ ഉണർവ് നിർമ്മാണ മേഖലയിൽ ഉണ്ടായിട്ടില്ല എന്നാണു വിപണിയിൽ നിന്നുള്ള സൂചന. സിമന്റിന്റെ വിലയിൽ കുറവ് രേഖപ്പെടുത്തി അതേ സമയം സ്റ്റീലിന്റെ വിലയിൽ തുടർച്ചയായ വർദ്ധനവ് തുടർന്നു.


| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 18.95 | 19.86 | 19.86 | 0.00 | 4.80 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.10 | 27.59 | 27.79 | 0.72 | 2.55 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 492.86 | 507.14 | 507.14 | 0.00 | 2.90 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 406.63 | 387.97 | 382.66 | -1.37 | -5.89 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 400.25 | 382.97 | 377.66 | -1.39 | -5.64 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 43.02 | 51.59 | 53.15 | 3.02 | 23.55 |



## IX. പഴവർഗ്ഗങ്ങൾ

പഴ വർഗ്ഗങ്ങളിൽ ഏതാണ്ട് സമ്മിശ്രമായ ഒരു പ്രവണതയാണു അവലോകനമാസമായ മാർച്ചിൽ ദൃശ്യമായത്. മാതളത്തിന്റെ വിലയിൽ തുടർച്ചയായ വർദ്ധനവ് രേഖപ്പെടുത്തി. ആപ്പിളിന്റെ വിലയിലും വർദ്ധനവ് രേഖപ്പെടുത്തി. വാഴപ്പഴങ്ങളിൽ രസകദളിയുടെ വിലയിൽ കാര്യമായ കുറവ് രേഖപ്പെടുത്തിയപ്പോൾ പാളയംതോടന്റെ വിലയിൽ മാസാവസാനം വർദ്ധനവ് രേഖപ്പെടുത്തി. തണ്ണിമത്തന്റെ സീസൺ ആയെങ്കിലും കടുത്ത വേനൽ ചൂടിൽ ഉപഭോഗം വർദ്ധിച്ചതോടെ വില വർദ്ധനവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 98.81 | 96.56 | 101.21 | 4.82 | 2.43 |
| 2 | മുസമ്പി | കിലോഗ്രാം | 52.00 | 58.17 | 61.38 | 5.52 | 18.05 |
| 3 | മാതളം | കിലോഗ്രാം | 132.58 | 114.58 | 139.17 | 21.45 | 4.97 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 133.33 | 120.00 | 139.05 | 15.87 | 4.29 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 51.35 | 43.63 | 45.12 | 3.42 | -12.15 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 30.80 | 39.21 | 37.30 | -4.88 | 21.10 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 53.69 | 59.96 | 47.76 | -20.35 | -11.04 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 49.01 | 53.06 | 49.62 | -6.48 | 1.23 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 30.86 | 32.48 | 32.49 | 0.01 | 5.28 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 75.11 | 101.67 | 106.20 | 4.46 | 41.39 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 20.74 | 17.18 | 18.60 | 8.27 | -10.33 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 68.33 | 77.78 | 72.44 | -6.86 | 6.02 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 51.61 | 57.00 | 54.50 | -4.39 | 5.60 |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.71 | 41.84 | 41.62 | -0.53 | -0.22 |
| 2 | ചമ്പ | കിലോഗ്രാം | 42.50 | 43.00 | 43.60 | 1.40 | 2.59 |
| 3 | റോസ് | കിലോഗ്രാം | 42.12 | 42.08 | 41.70 | -0.90 | -1.00 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 39.09 | 37.69 | 37.76 | 0.19 | -3.40 |
| 5 | ജയ | കിലോഗ്രാം | 46.57 | 39.64 | 40.96 | 3.34 | -12.04 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.92 | 31.62 | 32.28 | 2.09 | -4.85 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 82.28 | 85.86 | 86.34 | 0.56 | 4.93 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 91.92 | 88.55 | 88.32 | -0.26 | -3.92 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 111.77 | 89.45 | 86.80 | -2.96 | -22.34 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 106.14 | 83.30 | 81.29 | -2.41 | -23.41 |
| 5 | വൻപയർ | കിലോഗ്രാം | 76.56 | 71.00 | 71.21 | 0.30 | -6.99 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 95.30 | 84.63 | 84.00 | -0.74 | -11.86 |
| 7 | കടല(വലുത്) | കിലോഗ്രാം | 100.37 | 83.48 | 79.13 | -5.21 | -21.16 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 86.24 | 68.78 | 65.72 | -4.45 | -23.79 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 41.77 | 41.94 | 42.33 | 0.93 | 1.34 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 79.92 | 72.04 | 72.83 | 1.09 | -8.88 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 44.04 | 38.04 | 38.01 | -0.08 | -13.69 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 157.91 | 144.42 | 144.92 | 0.35 | -8.23 |
| 3 | ശർക്കര | കിലോഗ്രാം | 55.06 | 54.23 | 53.62 | -1.12 | -2.62 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 49.83 | 53.15 | 51.27 | -3.54 | 2.89 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 496.00 | 525.00 | 525.71 | 0.14 | 5.99 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 92.22 | 92.08 | 84.57 | -8.16 | -8.30 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.61 | 147.80 | 148.25 | 0.30 | 0.43 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 159.14 | 161.13 | 162.00 | 0.54 | 1.80 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 140.90 | 220.57 | 207.87 | -5.76 | 47.53 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 148.50 | 144.00 | 144.00 | 0.00 | -3.03 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 90.29 | 90.23 | 91.18 | 1.05 | 0.99 |
| 4 | നല്ലെണ്ണ | ലിററർ | 145.56 | 153.32 | 156.75 | 2.24 | 7.69 |
| 5 | കടുക് എണ്ണ | ലിററർ | 136.75 | 140.40 | 140.00 | -0.28 | 2.38 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 94.74 | 92.66 | 93.29 | 0.68 | -1.53 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 90.80 | 90.04 | 91.23 | 1.32 | 0.47 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 166.91 | 239.43 | 222.10 | -7.24 | 33.07 |

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2017 | ഫെബ്രുവരി 2018 | മാർച്ച് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 102.40 | 90.68 | 89.77 | -1.00 | -12.33 |
| 2 | മുളക് | കിലോഗ്രാം | 102.09 | 107.30 | 110.96 | 3.41 | 8.69 |
| 3 | ഉള്ളി | കിലോഗ്രാം | 56.71 | 44.04 | 33.75 | -23.37 | -40.49 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 113.50 | 164.38 | 163.36 | -0.62 | 43.93 |
| 5 | ജീരകം | 100 ഗ്രാം | 28.56 | 29.79 | 29.96 | 0.57 | 4.90 |
| 6 | കടുക് | 100 ഗ്രാം | 9.01 | 9.00 | 8.97 | -0.33 | -0.44 |
| 7 | ഉലുവ | 100 ഗ്രാം | 10.22 | 9.29 | 9.20 | -0.97 | -9.98 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.78 | 18.25 | 18.20 | -0.27 | -3.09 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 11.81 | 8.28 | 7.74 | -6.52 | -34.46 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 659.69 | 520.10 | 492.69 | -5.27 | -25.31 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 41.99 | 38.07 | 38.89 | 2.15 | -7.38 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 29.49 | 21.86 | 21.59 | -1.24 | -26.79 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 23.52 | 24.91 | 25.28 | 1.49 | 7.48 |
| 4 | ചേമ്പ് | കിലോഗ്രാം | 64.46 | 44.71 | 49.16 | 9.95 | -23.74 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 37.99 | 26.41 | 26.47 | 0.23 | -30.32 |
| 6 | കാരററ് | കിലോഗ്രാം | 39.68 | 37.68 | 36.00 | -4.46 | -9.27 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 16.05 | 31.68 | 20.95 | -33.87 | 30.53 |
| 2 | വഴുതന | കിലോഗ്രാം | 42.04 | 26.93 | 26.70 | -0.85 | -36.49 |
| 3 | മത്തങ്ങ | കിലോഗ്രാം | 27.29 | 17.75 | 17.35 | -2.25 | -36.42 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 24.94 | 18.63 | 20.98 | 12.61 | -15.88 |
| 5 | വെണ്ടക്ക | കിലോഗ്രാം | 53.86 | 34.39 | 39.48 | 14.80 | -26.70 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 76.76 | 34.77 | 43.88 | 26.20 | -42.83 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 66.17 | 41.61 | 49.20 | 18.24 | -25.65 |
| 8 | കാബേജ് | കിലോഗ്രാം | 25.39 | 24.02 | 23.08 | -3.91 | -9.10 |
| 9 | പാവയ്ക്ക | കിലോഗ്രാം | 51.64 | 43.71 | 44.73 | 2.33 | -13.38 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 34.15 | 19.02 | 18.76 | -1.37 | -45.07 |
| 11 | പടവലങ്ങ | കിലോഗ്രാം | 44.89 | 27.89 | 30.73 | 10.18 | -31.54 |
| 12 | തക്കാളി | കിലോഗ്രാം | 31.96 | 15.61 | 17.93 | 14.86 | -43.90 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.76 | 4.07 | 3.99 | -1.97 | -16.18 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 47.44 | 37.50 | 40.25 | 7.33 | -15.16 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 36.22 | 38.70 | 38.41 | -0.75 | 6.05 |

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2017 | ജനുവരി 2018 | ഫെബ്രുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 18.95 | 19.86 | 19.86 | 0.00 | 4.80 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.10 | 27.59 | 27.79 | 0.72 | 2.55 |
| 3 | വിറക് (നാടൻ) | ക്വിന്റൽ | 492.86 | 507.14 | 507.14 | 0.00 | 2.90 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 406.63 | 387.97 | 382.66 | -1.37 | -5.89 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 400.25 | 382.97 | 377.66 | -1.39 | -5.64 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 43.02 | 51.59 | 53.15 | 3.02 | 23.55 |
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 98.81 | 96.56 | 101.21 | 4.82 | 2.43 |
| 2 | മുസമ്പി | കിലോഗ്രാം | 52.00 | 58.17 | 61.38 | 5.52 | 18.05 |
| 3 | മാതളം | കിലോഗ്രാം | 132.58 | 114.58 | 139.17 | 21.45 | 4.97 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 133.33 | 120.00 | 139.05 | 15.87 | 4.29 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 51.35 | 43.63 | 45.12 | 3.42 | -12.15 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 30.80 | 39.21 | 37.30 | -4.88 | 21.10 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 53.69 | 59.96 | 47.76 | -20.35 | -11.04 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 49.01 | 53.06 | 49.62 | -6.48 | 1.23 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 30.86 | 32.48 | 32.49 | 0.01 | 5.28 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 75.11 | 101.67 | 106.20 | 4.46 | 41.39 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 20.74 | 17.18 | 18.60 | 8.27 | -10.33 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 68.33 | 77.78 | 72.44 | -6.86 | 6.02 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 51.61 | 57.00 | 54.50 | -4.39 | 5.60 |